**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **07-10-2021 - ൽ മറുപടിയ്ക്ക്**

**ലാൻഡ് ബോർഡുകളിലെ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലാൻഡ് ബോർഡുകളിൽ കെട്ടികിടക്കുന്ന കേസുകൾ പരിഹരിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ? | (എ) | താലൂക്ക് ലാന്റ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം മന്ത്രിതലത്തിലും (സർക്കാരും) സ്റ്റേറ്റ് ലാന്റ് ബോർഡും നടത്തി വരുന്നു. ഓരോ താലൂക്ക് ലാന്റ് ബോർഡിനും കേസ് തീർപ്പാക്കുന്നതിന്റെ ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് ലാന്റ് ബോർഡുകൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും കേസുകൾ തീർപ്പാക്കുന്നതിന് പരിശീലനവും നൽകുന്നുണ്ട്. സംസ്ഥാനത്തെ ലാന്റ് ബോർഡുകളെ നാല് സോണുകളായി തിരിച്ച് ഓരോ സോണിന്റേയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർക്ക് നൽകി അടിയന്തിരമായി കേസുകൾ തീർപ്പാക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ